# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2578 09.07.2015-ൽ മറുപടിയ്ക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ടി.എൻ. പ്രതാപൻ
,, ആർ . സെൽവരാജ്

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതി മുഖേന സർക്കാർ ലക്ഷ്യമിടുന്നത്. 75,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, സ്വന്തമായി ഭൂമിയില്ലാത്തതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചു നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വരുമാന പരിധി 28.10.2014-ൽ ഒരു ലക്ഷമായി ഉയർത്തിയിട്ടുണ്ട്. |
| (സി) | ഒന്നാം ഘട്ടത്തിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം സവിശേഷതകളാണ് പദ്ധതി നടത്തിപ്പിന്റെ രണ്ടാം ഘട്ടത്തിൽ വരുത്തിയിട്ടുള്ളത് ; | പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകാനുള്ള പ്രവർത്തനങ്ങൾക്കാണ് രണ്ടാം ഘട്ടത്തിൽ രൂപം നൽകിയിട്ടുള്ളത്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | പദ്ധതിക്ക് അനുയോജ്യമായ പരമാവധി സർക്കാർ ഭൂമി കണ്ടെത്തുന്നതിനാണ് രണ്ടാം ഘട്ടത്തിൽ ശ്രമിക്കുന്നത്. സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തും, പാട്ടക്കാലാവധി കഴിഞ്ഞതും, പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായ ഭൂമികൾ തിരിച്ചെടുത്തും പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

C.G.V.Kumar
സെക്ഷൻ ഓഫീസർ